## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3944 — 24.08.2017-ന് മറുപടിയ്ക്ക്

## മുത്തപ്പൻപുഴയിലെ ജണ്ട കെട്ടൽ

| ചോദ്യം<br>ശ്രീ. ജോർജ്ജ്. എം. തോമസ് | | മറുപടി<br>ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആനക്കാംപൊയിൽ മുത്തപ്പൻപുഴയിൽ കൈവശ കൃഷിക്കാർ, ആരാധനാലയം, വിദ്യാലയം എന്നിവയുടെ സ്ഥലങ്ങളിൽ വനം വകുപ്പ് ജണ്ട കെട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വനംവകുപ്പ് വനാതിർത്തിയിൽ മാത്രമാണ് ജണ്ടകെട്ടുന്നത്. സ്വകാര്യ വ്യക്തികളുടെയോ, ആരാധനാലയങ്ങളുടെയോ, വിദ്യാലയങ്ങളുടെയോ സ്ഥലങ്ങളിൽ ജണ്ട കെട്ടുന്നില്ല. |
| (ബി) | എങ്കിൽ വിഷയത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | താമരശ്ശേരി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതാണ് ആനക്കാംപൊയിൽ, മുത്തപ്പൻപുഴ പ്രദേശങ്ങൾ. ഇവിടെ വനാതിർത്തി ജണ്ട കെട്ടി സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർവ്വെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വനാതിർത്തിയിൽ പലയിടങ്ങളിലും വനം കയ്യേറി വിവിധ ആൾക്കാർ കൃഷി ചെയ്തു വരുന്നത് സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇവിടങ്ങളിൽ ആരാധനാലയമോ, വിദ്യാലയമോ വനഭൂമിക്കകത്ത് ഉൾപ്പെട്ടുവരുന്നതായി ഇപ്പോൾ നടക്കുന്ന സർവ്വെയിൽ കണ്ടിട്ടില്ല. ഏതാനും വർഷങ്ങൾക്ക് മുമ്പ് ഇപ്പോൾ സർവ്വെ നടക്കുന്നതിനടുത്ത് വനാതിർത്തി സർവ്വെ ചെയ്തപ്പോൾ ഒരു ക്രിസ്ത്യൻ പള്ളിയുടെ ശ്മശാനത്തിന്റെ ഒരു ഭാഗം വനഭൂമിയിലാണെന്ന് കണ്ടിരുന്നു. പ്രാദേശികമായ എതിർപ്പിനെ തുടർന്ന് അവിടുത്തെ സർവ്വെ പ്രവർത്തനങ്ങൾ തുടർന്ന് പോകാൻ അന്ന് കഴിഞ്ഞിരുന്നില്ല. 1971 ൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്തമായ പ്രദേശത്ത്, 1975-76 കാലത്ത് സർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് അംഗീകൃതമായ സർവ്വെ രേഖകൾ പ്രകാരമാണ് വനാതിർത്തിയിൽ ജണ്ടകൾ നിർമ്മിക്കുന്നത്. |
| (സി) | കൈവശഭൂമിയിൽ ജണ്ട കെട്ടുന്ന പ്രവർത്തനം നിർത്തിവെക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | വനസംരക്ഷണത്തിന് വനാതിർത്തികളിൽ ജണ്ട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇത് 2017-18 വർഷത്തിലെ ബഹു. ഗവർണറുടെ പ്രസംഗത്തിലും സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിലും ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. വനാതിർത്തിയിലെ |

| | | | |
|---|---|---|---|
| | | | ജണ്ട നിർമ്മാണം പൂർത്തീകരിക്കേണ്ടത് നിയമപരമായ ബാധ്യതയുമാണ്. മേൽ കാരണങ്ങളാൽ വനാതിർത്തിയിൽ ജണ്ട നിർമ്മിക്കുന്ന പ്രവൃത്തി നിർത്തി വെക്കാവുന്നതല്ല. |
| (ഡി) | ഇതു സംബന്ധിച്ച് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന വ്യാപകമായി, കയ്യേറ്റഭൂമിയിലെ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന 1999-2000 വർഷം തീർക്കാൻ തീരുമാനമായിട്ടുള്ളതാണ്. കൂടാതെ ചില പ്രത്യേക കേസുകളിലും ഇത്തരം സംയുക്ത പരിശോധനക്കായി ഉത്തരവിട്ടുണ്ട്. ഈ നടപടികൾ ഏതാണ്ട് പൂർത്തിയായതായി കണക്കാക്കുന്നു. |

**സെക്ഷൻ ഓഫീസർ**